**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2644** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ അംഗ സമാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള സഹകരണ അംഗ സമാശ്വാസ നിധി മുഖേന ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരം എ ക്ലാസ് സംഘാംഗങ്ങളിൽ ഗുരുതരരോഗം ബാധിച്ച് കഷ്ടതയനുഭവിക്കുന്നവർ (അർബുദം വൃക്കരോഗം ബാധിച്ച്/ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ ബൈപ്പാസ് സർജറി), എച്ച്.ഐ.വി, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ) എന്നിവർക്ക് ആശ്വാസമേകുക എന്നതാണ് ലക്ഷ്യം. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (ബി) | 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരം എ ക്ലാസ് സംഘാംഗങ്ങളിൽ ഗുരുതരരോഗം ബാധിച്ച് കഷ്ടതയനുഭവിക്കുന്നവർ (അർബുദം വൃക്കരോഗം ബാധിച്ച്/ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ ബൈപ്പാസ് സർജറി), എച്ച്.ഐ.വി, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തി ആകാത്ത കുട്ടികൾ) എന്നിവർക്ക് ആശ്വാസമേകുക എന്നതാണ് ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ സഹകരണസംഘങ്ങൾ/ ബാങ്കുകളുടെ |

<table>
<tr><td></td><td>എങ്കിൽ എത്ര തുക എവിടെനിന്നൊക്കെ സ്വരൂപിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;</td><td></td><td>അതത് ആഡിറ്റ് വർഷത്തെ അറ്റലാഭത്തിന്റെ 10% അധികരിക്കാത്ത തുകയോ പരമാവധി 1,00,000/- രൂപയോ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനകം സഹകരണ സംഘം രജിസ്ട്രാറുടെ മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് വിഹിതമായി അടയ്ക്കുന്നതിലൂടെയാണ് ഫണ്ട് സ്വരൂപിക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത ഫണ്ടിൽ നിന്നും നാളിതുവരെ അനുവദിച്ച ധനസഹായത്തിന്റെ വിശദ വിവരം നൽകുമോ;</td><td>(ഡി)</td><td>സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 46,87,60,000/-രൂപ (നാൽപ്പത്തിയാറു കോടി എൺപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ) 22,254 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ എത്ര എണ്ണം തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;</td><td>(ഇ)</td><td>
<table>
<tr><th>ജില്ല</th><th>അപേക്ഷകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>408</td></tr>
<tr><td>പത്തനംതിട്ട</td><td>1420</td></tr>
<tr><td>ആലപ്പുഴ</td><td>260</td></tr>
<tr><td>കോട്ടയം</td><td>784</td></tr>
<tr><td>ഇടുക്കി</td><td>512</td></tr>
<tr><td>എറണാകുളം</td><td>2014</td></tr>
<tr><td>തൃശ്ശൂർ</td><td>2333</td></tr>
<tr><td>പാലക്കാട്</td><td>397</td></tr>
<tr><td>മലപ്പുറം</td><td>90</td></tr>
<tr><td>കോഴിക്കോട്</td><td>918</td></tr>
<tr><td>വയനാട്</td><td>624</td></tr>
<tr><td>കണ്ണൂർ</td><td>514</td></tr>
<tr><td>കാസർഗോട്</td><td>704</td></tr>
<tr><td>ആകെ</td><td>10978</td></tr>
</table>
</td></tr>
<tr><td>(എഫ്)</td><td>പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;</td><td>(എഫ്)</td><td>ഹൈലെവൽ കമ്മിറ്റി തീരുമാനമനുസരിച്ചാണ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.<br><br>അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ജി)</td><td>അപേക്ഷ തീർപ്പാക്കുന്നതിനായി സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?</td><td>(ജി)</td><td>ഹൈലെവൽ കമ്മിറ്റി തീരുമാനമനുസരിച്ചാണ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.<br><br>അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ